പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം റെയിൽവേയുടെ 2005-06 വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ആകെ 35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണച്ചെലവിന്റെ 50 ശതമാനം റെയിൽവെ വഹിക്കുന്നതാണ്. ബാക്കി 50 ശതമാനവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കണം. റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം വായ്പയെടുത്താണ് RBDCK നിർവ്വഹിക്കുന്നത്. ടോൾപിരിവിലൂടെ ലഭ്യമാകുന്ന തുക കൊണ്ട് വായ്പാ തിരിച്ചടവ് സാധ്യമാകുന്നില്ല. അതിനാൽ സർക്കാർ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽമാത്രമേ ഇതിന്റെ നിർമ്മാണം സാധ്യമാകുകയുള്ളൂ. അടുത്ത വർഷം ഇതിനാവശ്യമായ തുക കണ്ടെത്തുന്നകാര്യം പരിശോധിക്കും.

11.00 A.M]

12. ബൈപ്പാസ് നിർമ്മാണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കഴിഞ്ഞ കാൽനൂറ്റാണ്ടായി സ്ഥലമെടുപ്പ് പൂർത്തീകരിച്ച് പണി പൂർത്തിയാകാതെ കിടക്കുന്ന റോഡായിരുന്നു കുറ്റിപ്പുറം-പുതുപൊന്നാനി എൻ.എച്ച് ബൈപ്പാസ്. ഈ റോഡിൽ കുറ്റിപ്പുറം തൊട്ട് ചമ്രവട്ടം ജംഗ്ഷൻ വരെ എൻ.എച്ച്.-ന്റെ ബൈപ്പാസാണെങ്കിലും സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രവൃത്തി നടത്താൻ നിശ്ചയിച്ചത് പ്രകാരം പണി നടന്നു വരികയാണ്. പക്ഷേ പൂർത്തീകരിക്കണമെങ്കിൽ രണ്ടാംഘട്ടം പ്രവൃത്തി എത്രയും വേഗം ആരംഭിക്കേണ്ടതുണ്ട്. ചമ്രവട്ടം ജംഗ്ഷൻ മുതൽ പുതുപൊന്നാനിവരെ നീളുന്ന രണ്ടാം റീച്ചിൽ പള്ളപ്പുറം പ്രദേശത്ത് ഒരു പാലവും ആവശ്യമുണ്ട്. ഈ റോഡ് പൂർത്തീകരിക്കുന്നതോടുകൂടി കുറ്റിപ്പുറം-പുതുപൊന്നാനി എൻ.എച്ച്. ബൈപ്പാസിന്റെ രണ്ടാം റീച്ചിന്റെ പണി പൂർത്തീകരിക്കപ്പെടും. തീരദേശത്തോടുകൂടിയുള്ള കൊച്ചി-കോഴിക്കോട് യാത്ര ഏറ്റവും സുഗമമായ പാതയായി മാറുന്ന സാഹചര്യം വരും. ചമ്രവട്ടം പാലത്തിന്റെ പണി പൂർത്തികരിച്ചതോടുകൂടി പ്രധാനപ്പെട്ട റോഡായി മാറിയിരിക്കുകയാണ്. അതിന്റെ രണ്ടാം റീച്ചിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, എൻ.എച്ച്-66, പഴയ എൻ.എച്ച്- 17-ൽ ഉൾപ്പെടുന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരെ രണ്ടുവരിപ്പാത നിർമ്മാണത്തിനായി 30 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെയുള്ള 11.41 കി.മീ ദൂരം അമ്പത്തിനാല് കോടി തൊണ്ണൂറിയഞ്ച് ലക്ഷം രൂപ ചെലവിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ചമ്രവട്ടം മുതൽ പുളിഞ്ചോടി പാലം അപ്രോച്ച് വരെയുള്ള ഭാഗത്ത് ചമ്രവട്ടം മുതൽ പുളിഞ്ചുവരെ പി.സി. കനാൽ വരെ 2.175 കി.മീ ദൂരം വരെയുള്ള പണി നേരത്തെ തന്നെ കേന്ദ്ര ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് 40.62 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രസർക്കാരിൽ നിന്ന് 18-3-2014-ൽ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഇ.പി.സി. മോഡലിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ടെണ്ടറിന്റെ കരട് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി കിട്ടിയാൽ ഉടൻതന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്.

13. ചേലക്കരയിൽ വെറ്ററിനറി കോളേജ്

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വെറ്ററിനറി കോളേജുകളുടെ എണ്ണം വളരെ പരിമിതമാണ്. ഇപ്പോൾ കുട്ടികൾ പഠിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഉറപ്പുവരുത്താനും മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും വെറ്ററിനറി സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെയും ഗവേഷകരുടെയും ദൗർലഭ്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാർ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ധാരാളം ആരംഭിക്കുന്നുണ്ട്. എന്നാൽ ഇതുവരെ വെറ്ററിനറി കോളേജ് ആരംഭിച്ചിട്ടില്ല എന്നുള്ളത് ഈ രംഗത്തെ പരിമിതിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത് പരിഹരിക്കാൻ വേണ്ടിയാണ് ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. ചേലക്കര മണ്ഡലത്തിൽ കൃഷി ഫാമിന്റെയും സീഡ് ഫാമിന്റെയും സ്ഥലം ധാരാളമായി കിടക്കുന്നുണ്ട്. ജില്ലാ കൃഷി ഫാമിന്റെ സ്ഥലത്ത് വെറ്ററിനറി കോളേജ് സ്ഥാപിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. ഇക്കാര്യം മന്ത്രി നേരിട്ടുകണ്ട് മനസ്സിലാക്കിയതാണ്. അതെല്ലാം പരിഗണിച്ചുകൊണ്ട് ചേലക്കരയിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിൽ വെറ്ററിനറി കോളേജുകളുടെ കുറവുമൂലം വെറ്ററിനറി രംഗത്ത് കൂടുതൽ